LIBRARY ARCHIVES Kerala Legislative Assembly

കൃാരി ഫോർവേർഡ് ചെയ്യുമെന്നു പറഞ്ഞ സിദ്ധാന്തമാണെങ്കിൽ അത് മാത്രമല്ലേ കൃാരി ഫോർവേർഡ് ചെയ്യാൻ പറ്റുള്ളു. .....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*) : സർ, ഇത് ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കുകയില്ല. കഴിഞ്ഞ കൊല്ലത്തേതിന്റെ ബാലൻസ് കൊടുക്കാൻ അനുവദിക്കുകയില്ല. അതുകൊണ്ട് വാക്കൗട്ട് ചെയ്യണമെന്നു തീരുമാനിച്ച് വന്നതാണ്. ഗവൺമെൻറ് അനുവദിച്ചെങ്കിലും അവർക്ക് ചെയ്യാതിരിക്കാൻ ഒക്കുകയില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഏതായാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സഹകരണാത്മകമായ നിലപാട് എടുക്കണമെന്നും അധികാരം പൂർണ്ണമായും ജനങ്ങളിലേക്ക് എത്തിക്കാൻവേണ്ട പ്രക്രിയ അതിന് എന്തൊക്കെ തടസ്സങ്ങളുണ്ടെങ്കിലും ആ തടസ്സങ്ങളെല്ലാം നീക്കി നല്ല നിലയിൽ അത് മുന്നോട്ട് കൊണ്ടുപോകുന്ന കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് ഡിമാന്റ് പാസ്സാക്കിത്തരണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

VI. അറിയിപ്പ്

കിലയുടെ ആഭിമുഖ്യത്തിൽ എം. എൽ. എ. മാർക്ക് റൗണ്ട് ടേബിൾ കോൺഫറൻസ് നടത്തുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : ഇതോട് ബന്ധപ്പെട്ട് ഒരു കാര്യം കൂടി ചെയർ പറയുകയാണ്. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ മറുപടിക്കുമുമ്പ് പറയേണ്ട ഒരു കാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. "കില"യുടെ ആഭിമുഖ്യത്തിൽ 2005 ഏപ്രിൽ 23, 24 തീയതികളിൽ ഇന്ത്യയിൽ ആദ്യമായി എം.എൽ.എ. മാർക്ക് ഒരു റൗണ്ട് ടേബിൾ 'കില'യിൽവെച്ച് നടത്തുന്നതാണ്. ലോകസഭാ സ്പീക്കർ അത് ഉദ്ഘാടനം ചെയ്യും. ശ്രീ. മണിശങ്കർ അയ്യർ Keynote Address നത്തുകയും, വിദഗ്ദ്ധന്മാരായ മറ്റുപലരും പങ്കെടുക്കുകയും ചെയ്യും. എല്ലാ നിയമസഭാ സാമാജികന്മാരും നിർബന്ധമായും അതിൽ പങ്കെടുക്കണം. 'കില'യുടെ ഒരു പരിപാടിയാണ്. പ്രസക്തമായ ഒരു കാര്യം ആയതുകൊണ്ട് ശ്രീ. കുട്ടി അഹമ്മദ് കുട്ടി നേതൃത്വം നൽകി ഉണ്ടാക്കിയ ഒരു പദ്ധതിയായതുകൊണ്ട് മിനിസ്റ്റർ കമ്മ്യൂണിക്കേഷൻ ഗ്യാപ്പിൽ വിട്ടുപോയതാണ്. അതുകൊണ്ട് ഞാനത് പറഞ്ഞതാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അത് നടപ്പിലാക്കാൻ ആവശ്യമായത് ചെയ്യാം.